## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

27-06-2014 ൽ

മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാചോദ്യം നമ്പർ : **4662**

### നവകേരളം ചർച്ചാവേദി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പാലോട് രവി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നവകേരളം ചർച്ചാവേദിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) നവകേരളം/ചർച്ചാവേദിക്ക് തുടക്കമിട്ടിട്ടുണ്ട്. 2013 ലെ കേരള പിറവി ദിനമായ നവംബർ 1 ന് ബഹു. മുഖ്യമന്ത്രി പങ്കെടുത്ത ആദ്യ എപ്പിസോഡ് ദൂരദർശനിലൂടെ സംപ്രേഷണം ചെയ്തു. തുടർന്ന് 7 മന്ത്രിമാർ പങ്കെടുത്ത പരിപാടിയും സംപ്രേഷണം ചെയ്തിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | ബി) വിവിധ വകുപ്പുകളുടെ വികസന ക്ഷേമപ്രവർത്തനങ്ങൾ, കൈവരിച്ച നേട്ടങ്ങൾ, മറ്റ് കാലിക പ്രശ്നങ്ങൾ എന്നിവ അതാത് മന്ത്രിമാരുടെ സാന്നിധ്യത്തിൽ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കി പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം |
| സി) സമൂഹത്തിലെ ഏതെല്ലാം വിഭാഗത്തിലുള്ളവരാണ് ഇതിൽ പങ്കെടുക്കുന്നതെന്ന് വിശദമാക്കുമോ; | സി) ബഹു. മന്ത്രിമാർക്കു പുറമെ വകുപ്പു സെക്രട്ടറിമാർ, അതാത് മേഖലകളിലെ വിദഗ്ധ അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന ചർച്ചയിൽ ഒരു പ്രമുഖ മാധ്യമപ്രവർത്തകൻ മോഡറേറ്ററായിരിക്കും. |

ഡി) ചർച്ചകളുടെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഡി) ഇക്കഴിഞ്ഞലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടം നിലനിന്ന സാഹചര്യത്തിൽ നവകേരളം താല്ക്കാലികമായി നിർത്തിയിരിക്കുകയാണ്. മാത്രമല്ല ഇപ്പോഴത്തെ ഫോർമാറ്റിൽ കാതലായ ചില മാറ്റങ്ങൾ വരുത്തി. പത്തോളം പേരെ ഓഡിയൻസ് പാനലായി ഉൾപ്പെടുത്തി വീഡിയോ വാൾ കൂടി സെറ്റിൽപ്പെടുത്തി ഒരു ഇന്ററാക്റ്റീവ് മോഡിലുള്ള ചർച്ചയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മാണ നിർവഹണം നടത്തുന്ന സി-ഡിറ്റിന്റെ ബജറ്റ് കിട്ടിയാൽ നവകേരളത്തിന്റെ നിർമ്മാണം പുന:രാരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ